©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 10
Vol. X

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2021 മാർച്ച് 30
30th March 2021

1196 മീനം 16
16th Meenam 1196

1943 ചൈത്രം 9
9th Chaithra 1943

നമ്പർ
No. 13

# PART III

# Industries Department

**പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം**

(ഹാജർ: ഡോ. കൃപകുമാർ, കെ. എസ്.)

നമ്പർ DICPKD/44/2021-V1. 2021 ഫെബ്രുവരി 19.

വിഷയം:—വ്യവസായം—ലികിഡേഷൻ നടപടികൾ പൂർത്തീകരിച്ച്—ജ്യോതി പ്രിന്റിംഗ് & ബുക്ക് ബൈന്റിങ്ങ് ഐ. സി. എസ്. ലിമിറ്റഡ് നമ്പർ ഇൻഡ്. പി 66, വടക്കഞ്ചേരി—രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) ഈ ആഫീസിലെ 17-1-1997-ാം തീയതിയിലെ വി1/8522/96 നമ്പർ ഉത്തരവ്.

(2) ചിറ്റൂർ സീനിയർ സഹകരണ ഇൻസ്പെക്ടറുടെ 4-1-2021-ലെ എസ്. സി. ഐ/ലികിഡേഷൻ/21 നമ്പർ കത്ത്.

പരാമർശം ഒന്ന് പ്രകാരം ജ്യോതി പ്രിന്റിംഗ് & ബുക്ക് ബൈന്റിങ്ങ് ഐ. സി. എസ്. ലിമിറ്റഡ് നമ്പർ ഇൻഡ്. പി 66, വടക്കഞ്ചേരി എന്ന സംഘത്തിന്റെ ലികിഡേറ്ററായി ചിറ്റൂർ സീനിയർ സഹകരണ ഇൻസ്പെക്ടറെ നിയമിച്ചിരുന്നു. പ്രസ്തുത സംഘം ചിറ്റൂർ താലൂക്കിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടതും, പ്രവർത്തനം തുടങ്ങാത്തതുമായ ഒരു വ്യവസായ സഹകരണ സംഘമാണ്.

സംഘത്തിന്റെ മിനിട്സ് ബുക്ക് ഉൾപ്പെടെയുള്ള രജിസ്റ്ററുകൾ/രേഖകൾ ഒന്നും തന്നെ ലഭ്യമല്ല. സംഘത്തിന്റെ പേരിൽ ജില്ലാ ബാങ്ക് വടക്കഞ്ചേരി ശാഖയിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 0.81 പൈസ നീക്കിയിരിപ്പുണ്ടായിരുന്നു. ആയത് കോമൺ ലികിഡേഷൻ ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചതായി പരാമർശം (2) പ്രകാരം ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ സമാപ്തീകരണവുമായി ബന്ധപ്പെട്ട് ഒരു അന്തിമ പൊതുയോഗം 4-1-2021-ന് വിളിച്ചു ചേർത്തതായും കേരള സഹകരണ സംഘം ആക്ട് 1969 റൂൾ 69 പ്രകാരമുള്ള നടപടിക്രമങ്ങൾ ലികിഡേറ്റർ പൂർത്തീകരിച്ചിരിക്കുന്നു. സംഘത്തിന്റെ ലികിഡേഷനുമായി ബന്ധപ്പെട്ട് നടപടികളൊന്നും അവശേഷിക്കുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. ആയതനുസരിച്ച് താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ജ്യോതി പ്രിന്റിംഗ് & ബുക്ക് ബൈന്റിംഗ് ഐ. സി. എസ്. ലിമിറ്റഡ് നമ്പർ ഇൻഡ്. പി 66, വടക്കഞ്ചേരി എന്ന സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ചു റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(2)

നമ്പർ DICPKD/117/2021-V1. 2021 മാർച്ച് 2.

വിഷയം:—വ്യവസായം—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചത്—നെന്മാറ പ്രിന്റിംഗ് വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. ഇൻഡ്. (പി) 15, നെന്മാറ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) ഈ ആഫീസിലെ 22-11-2005-ാം തീയതിയിലെ വി1/5950/03 നമ്പർ നടപടിക്രമം.

(2) ചിറ്റൂർ സീനിയർ സഹകരണ ഇൻസ്പെക്ടറുടെ 13-1-2021-ലെ ജെ. സി. ഐ/ചിറ്റൂർ/1/2020 നമ്പർ നടപടിക്രമം.

(3) ഈ ആഫീസിലെ 13-8-2015-ാം തീയതിയിലെ വി1/5938/2015 നമ്പർ നടപടിക്രമം.

നെന്മാറ പ്രിന്റിംഗ് വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. ഇൻഡ്. (പി) 15, നെന്മാറ എന്ന സംഘം ചിറ്റൂർ താലൂക്കിൻ കീഴിൽ 2-8-1996-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും, 7-2-1996-ൽ പ്രവർത്തനം ആരംഭിച്ചതുമായ ഒരു വ്യവസായ സഹകരണ സംഘമാണ്. സൂചന (1) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്ററായി സീനിയർ സഹകരണ ഇൻസ്പെക്ടർ (വ്യവസായം), താലൂക്ക് വ്യവസായ ഓഫീസ്, ചിറ്റൂരിനെ നിയമിച്ചിരുന്നു. 17-7-2006-ന് ലിക്വിഡേറ്റർ ചാർജ് എടുക്കുകയും ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എന്നാൽ ലിക്വിഡേഷൻ കാലാവധി അവസാനിച്ചാൽ സൂചന (3) പ്രകാരം സമാപ്തീകരണത്തിനായി ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലയളവ് പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു.

സംഘത്തിന്റെ ഉപയോഗശൂന്യമായ യന്ത്രോപകരണങ്ങൾ ഫർണിച്ചറുകൾ എന്നിവ പരസ്യ ലേലം ചെയ്യുകയും ബാധ്യതകൾ അടച്ചു തീർക്കുകയും ചെയ്തിട്ടുണ്ടെന്ന് ഇൻസ്പെക്ടർ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. സംഘം ലിക്വിഡേറ്ററുടെ പേരിലുള്ള എസ്. ബി. അക്കൗണ്ട് നമ്പർ 8 അവസാനിപ്പിക്കുകയും, അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന ₹ 2,687.5 കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. സമാപ്തീകരണത്തിന്റെ ഭാഗമായുള്ള അന്തിമ പൊതുയോഗം 18-9-2020-ന് ചേർന്ന് കേരള സഹകരണ സംഘം നിയമം വകുപ്പ് 66 അനുസരിച്ച് ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചതിനാൽ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ നെന്മാറ പ്രിന്റിംഗ് വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. ഇൻഡ്. (പി) 15, നെന്മാറ എന്ന സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ചു റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ജില്ലാ വ്യവസായ കേന്ദ്രം, (ഒപ്പ്)

പാലക്കാട്. ജനറൽ മാനേജർ & രജിസ്ട്രാർ.